## ജില്ലാ നഗരാസൂത്രകയുടെ നടപടിക്രമം, കോട്ടയം

വിഷയം: ജില്ലാ നഗരാസൂത്രകയുടെ കാര്യാലയം, കോട്ടയം-പുതുപ്പള്ളി ഗ്രാമ പഞ്ചായത്ത് പെട്രോൾ പമ്പ് കെട്ടിട നിർമ്മാണം-ലേ-ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം: 1.പുതുപ്പള്ളി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 21.02.2019 ലെ A4/7972/18 നമ്പർ കത്ത്.

2. മുഖ്യ നഗരാസൂത്രകന്റെ 20.12.2016 ലെ C3/11036/2016/D.Dis നമ്പർ കത്ത്.

===========================================================================

**ഉത്തരവ് നമ്പർ C/364/2019/D.Dis, തീയതി : 27.03.2019.**

===========================================================================

കോട്ടയം ജില്ലയിലെ, പുതുപ്പള്ളി ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള പുതുപ്പള്ളി വില്ലേജിൽ, റീ സർവ്വെ നമ്പർ 188/1 part 188/6, 188/1-9 ൽ പെട്ട 1045 സെന്റ് വിസ്തീർണ്ണമുള്ള സ്ഥലത്ത് നിലവിലുള്ള പെട്രോൾ പമ്പിന്റെ കനോപ്പി വിസ്തീർണ്ണം 204 $m^2$ ൽ നിന്നും 323 ആയി വർദ്ധിപ്പിക്കുന്നതിന് KPBR-2011 ലെ ചട്ടങ്ങൾക്കും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി സ്ഥലത്തിന്റെ ഉപയോഗത്തിനും കെട്ടിടങ്ങളുടെ ലേ-ഔട്ടിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

താഴെ പറയുന്ന നിബന്ധനകൾ കൃത്യമായും പാലിച്ചിട്ടുണ്ടെന്നും, ലഭ്യമാക്കേണ്ട എൻ.ഒ.സി, അനുമതി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും സെക്രട്ടറി പരിശോധിച്ച് ഉറപ്പു വരുത്തിയ ശേഷം മാത്രമെ കെട്ടിട നിർമ്മാണ ക്രമവൽക്കരണാനുമതി സർട്ടിഫിക്കറ്റ് നൽകുവാൻ പാടുള്ളൂ.

**നിബന്ധനകൾ**

1. KPBR-2011ചട്ടം 11(1) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ, റീ സർവ്വെ നമ്പർ, വിസ്തൃതി, അതിരുകൾ, വിസ്തീർണ്ണം, അളവുകൾ, ഉടമസ്ഥാവകാശം, നിർമ്മാണാവകാശം എന്നിവ ശരിയാണെന്ന് സെക്രട്ടറി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചും സ്ഥല പരിശോധന നടത്തിയും ഉറപ്പു വരുത്തണം.

2. ഖര-ദ്രവ മാലിന്യ സംസ്ക്കരണത്തിനുള്ള സംവിധാനങ്ങൾ ഏർപ്പടുത്തിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പു വരുത്തണം.

3. സൈറ്റ് പ്ലാൻ പ്രകാരമുള്ള വിശദാംശങ്ങൾ സ്ഥലത്ത് ലഭ്യമാക്കിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ്.

4. ചട്ടം 57 (12-B) പ്രകാരം മലിനജലം പുനരുപയോഗിക്കുന്നതിന് ആവശ്യമായ സംവിധാനം ഉറപ്പു വരുത്തണം

5. KPBR-2011 നും അനുബന്ധ ഭേദഗതികൾക്കും നിലവിലുള്ള ബാധകമായ മറ്റ് നിയമങ്ങൾക്കും നിർദ്ദിഷ്ട നിർമ്മാണം വിധേയമാണെന്ന് സെക്രട്ടറി ഉറപ്പാക്കണം.

6. പ്ലോട്ടിൽ നിലവിലുള്ള സെയിൽസ് ഓഫീസ് കെട്ടിടം അംഗീകൃതമാണെന്ന് സെക്രട്ടറി ഉറപ്പു വരുത്തണം.

7. ചട്ടം 61(6) പ്രകാരം  സാനിറ്റേഷൻ സൗകര്യങ്ങൾ ലഭ്യമാണെന്ന് സെക്രട്ടറി ഉറപ്പ് വരുത്തണം.

8. മേൽ അംഗീകാരം കെട്ടിട നിർമ്മാണം തുടങ്ങുന്നതിനുള്ള അനുമതി അല്ല. KPBR-11 പ്രകാരം  സെക്രട്ടറി ടി അപേക്ഷയിൽ അവശ്യമായ തുടർ നടപടി സ്വീകരിക്കേണ്ട താണ്.  ബന്ധപ്പെട്ട വകുപ്പുകളിൽ  നിന്നും  അംഗീകാരമോ, നിരാക്ഷേപ പത്രമോ ആവശ്യമുള്ള പക്ഷം ആയവ ലഭിച്ചതിനു ശേഷം മാത്രമെ സെക്രട്ടറി ക്രമവൽക്കര ണാനുമതിയ്ക്ക് പരിഗണിക്കാവൂ.

ഈ ഉത്തരവ് ക്രമവൽക്കരണ പ്രവർത്തനങ്ങൾ  ആരംഭിക്കുന്നതിനുള്ള അനുമതി യല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ വികസന അനുമതി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനു ശേഷം മാത്രമെ നിർമ്മാണം ആരംഭിക്കാൻ പാടുള്ളു.

അംഗീകരിച്ച സൈറ്റ് പ്ലാൻ 18/19/KTM ഉള്ളടക്കം ചെയ്യുന്നു.

ജില്ലാ നഗരഗ്രാമാസൂത്രണ കാര്യാലയം
പിൻ - 686 001
ഫോൺ: 2564160
കോട്ടയം

സുജ മത്തായി
ടൗൺ പ്ലാനർ

സെക്രട്ടറി
പുതുപ്പള്ളി ഗ്രാമ പഞ്ചായത്ത് (പ്ലാൻ 1 സെറ്റ് സഹിതം)

പകർപ്പ് : 1. കെ.എം. ഫിലിപ്പോസ് & ഐസി ഫിലിപ്പോസ്
താന്നുവേലിൽ ഹൗസ്
മാങ്ങാനം  പി.ഒ.
കോട്ടയം

2. അധികം

MD/02.04.19